## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടർറുടെ (എ & റ്റി) നടപടി ക്രമം

വിഷയം :- ആ.വ.ഡ- ജീവനക്കാര്യം — ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1) സ.ഉ. (സാധാ) നം. 1662/2017/ആ.കു.വ, തീയതി 14-06-2017

2) സ.ഉ. (സാധാ) നം. 3546/2018/ആ.കു.വ, തീയതി 02-12-2018

3) സ.ഉ. (സാധാ) നം. 05/2018/ആ.കു.വ, തീയതി 02-01-2018

4) ഉത്തരവ് നം. ഇ.എസ് 1-20074/2010/ആ.വ.ഡ, തീയതി 27-04-2013

5) ഉത്തരവ് നം. ഇ.ജി2-40/2016/ആ.വ.ഡ, തീയതി 20-02-2020

6) സ .ഉ (സാധാ) നം .480 /2020 ആ കു വ തിരു .03 .03 .2020

7) ഉത്തരവ് നം. ഇ.ജി2-40/2016/ആ.വ.ഡ, തീയതി 28-11-2019 ,21-12-2019

**ഉത്തരവ് നം. ഇ.ജി2-40/2016/ആ. വ. ഡ തീയതി: 20-05-2020**

പരാമർശം 4 പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ നിന്നും റാങ്ക് നം. 1564 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ജീവനക്കാർക്ക് ഗ്രേഡ്-1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി അനുബന്ധം I പ്രകാരം ചേർത്തിട്ടുള്ള റാങ്ക് നം. 1565 മുതൽ 1590 വരെയുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ജീവനക്കാർക്ക് ഗ്രേഡ്-I തസ്തികയിലേക്ക് 26500 - 56700 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ നിന്നും മുൻകാലങ്ങളിൽ നടത്തിയിരുന്ന ഗ്രേഡ് 1 സ്ഥാനക്കയറ്റ ഉത്തരവുകളിൽ ഉൾപ്പെടുകയും എന്നാൽ ശൂന്യവേതനാവധിയിൽ തുടരുന്ന കാരണത്താൽ നാളിതുവരെ സ്ഥാനക്കയറ്റം ലഭിക്കാത്തതിനെ തുടർന്ന് ജീവനക്കാരൻ സമർപ്പിച്ച അപേക്ഷയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനുബന്ധം – II പ്രകാരം ചേർത്തിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ജീവനക്കാരന് ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) (2) എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലകൾക്കുള്ളിൽ ഗ്രേഡ് I , ഗ്രേഡ്-II അനുപാതം 1 : 1 ആയി ക്രമീകരിക്കുന്നതിന്റെ ഭാഗമായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ നിലവിൽ ഒഴിവുള്ള ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റവും ഇതോടൊപ്പം നൽകുന്നു.

പരാമർശം (7) പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 01.04.2020 വരെയും 01.06.2020 വരെ ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ മേൽപ്രകാരം ഉണ്ടായിട്ടുള്ള ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും , ടി ഒഴിവുകളുടെ പ്രാബല്യ തീയതി 20-05-2020 എന്നതായി പരിഗണിച്ച് നിയമന ശുപാർശ ലഭ്യമാക്കുന്നതിലേക്കായി ബന്ധപ്പെട്ട

1686214

GOVERNMENT OF KERALA

പി.എസ്.സി. യെ അറിയിക്കേണ്ടതുമാണ്. ജില്ലകളിൽ പ്രതീക്ഷിത ഒഴിവുകൾക്ക് പുറമേ ഉണ്ടായിട്ടുള്ള ഒഴിവുകൾ പുതിയ ഒഴിവായി പരിഗണിച്ച് അടിയന്തിരമായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരാമർശം (6) പ്രകാരം പൊതുസ്ഥലംമാറ്റ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും, ആയത് നിലനിൽക്കുന്നതിനാലും നിലവിൽ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ചിട്ടില്ല . കോവിഡ്-19 നിയന്ത്രണ / പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനായി സ്ഥാനക്കയറ്റ നടപടികൾ വേഗത്തിൽ നടപ്പിലാക്കിയ സാഹചര്യത്തിൽ മുൻപ് സ്ഥാനക്കയറ്റം ലഭിച്ചവരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതെ നിലവിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾക്കനുസൃതമായി നിയമനം നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ പൊതുസ്ഥലംമാറ്റ നടപടികൾ നടക്കുന്ന വേളയിലും, സീനിയറായ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ഉചിതമായ സ്ഥലംമാറ്റം നൽകുമ്പോഴും, മേൽപ്രകാരം സ്ഥലംമാറ്റം അനുവദിച്ച ജില്ലകൾ പുനഃപരിശോധനയ്ക്ക് വിധേയമായിരിക്കും.

മേൽ സ്ഥാനക്കയറ്റ ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ഉചിതമായ രീതിയിൽ നിയമനം നൽകേണ്ടതും, ആയതിൻ പ്രകാരം ടി വ്യക്തികളെ പകരക്കാരെ കാത്തുനിൽക്കാതെ തന്നെ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ വിടുതല് ചെയ്യേണ്ടതും, മേൽ വിവരം അടിയന്തിരമായി ജില്ലാ മെഡിക്കൽ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഈ ഉത്തരവിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ടി ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അപ്പീലുകൾ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി സേവനപുസ്തകത്തിൽ പതിപ്പിച്ച് വെക്കേണ്ടതും, സ്പാർക്കിൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ടി ഉത്തരവിന്റെ പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ / സ്ഥാപനമേധാവികൾ / സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. വ്യക്തിഗത പകർപ്പുകൾ അയച്ച് തരുന്നതല്ല.

(ഒപ്പ്)

ഡോ. സെമീറ.എ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ( എ & റ്റി )

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്

1) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റിൽ
2) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
3) ഫയൽ / കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

1686212
SS-19-05-2020
GOVERNMENT OF KERALA